അഭിനന്ദനാർഹമായ ബാർ അസോസിയേഷനും ഈ സംരംഭത്തെ സ്വാഗതം ചെയ്യുമെന്നു തോന്നുന്നില്ല. ബഹുമാനപ്പെട്ട മെമ്പറുടെ വികാരങ്ങൾ ഞാൻ മനസ്സിലാക്കുന്നു. ഒരു അഷ്വറൻസ് മാത്രമേ പറയാൻ കഴിയൂ: ഗവൺമെൻറിന് ഇക്കാര്യത്തിൽ നിർബന്ധബുദ്ധിയില്ല. ഹൈക്കോടതിയുടെ അഭിപ്രായം വരട്ടെ. ഏതായാലും ഹൈക്കോടതിയുടെ അഭിപ്രായം വച്ചേ തീരുമാനമുണ്ടാവുകയുള്ളൂ. ഗവൺമെൻറിന് ഒറ്റയ്ക്കു പിടിവാശിയൊന്നുമില്ല.

III. റിപ്പോർട്ടു സമർപ്പണം

(1) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ട്

ശ്രീ. എം. കെ. കൃഷ്ണൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനേഴാം റിപ്പോർട്ടു ഞാൻ സമർപ്പിക്കുന്നു.

(2) പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയുടെ റിപ്പോർട്ട്

ശ്രീ. പി. കെ. ശങ്കരൻകുട്ടി: സർ, പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയുടെ പന്ത്രണ്ടാം റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

IV. പ്രസ്താവന

ശ്രീ. പി. പി. എസ്തോസ് ചെയ്ത പ്രസ്താവന

ശ്രീ. പി. പി. എസ്തോസ്: സർ, ഒരു സബ്മിഷൻ: ചോദ്യോത്തരസമയത്തു ദുരുദ്ദേശപരമായ ലക്ഷ്യത്തോടും ഉദ്ദേശത്തോടും കൂടി ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയോടുള്ള ചോദ്യമായിട്ട് ശ്രീമാൻ സി.എ. കുര്യൻ ഒരു കാര്യം പറഞ്ഞു. സർ, എന്റെ ചോദ്യം ഇതായിരുന്നു: ഹൈക്കോടതിയിൽ, അംഗീകൃതയൂണിയനുകളുമായി ഉണ്ടാക്കിയിട്ടുള്ള എഗ്രിമെൻറു തടസ്സപ്പെടുത്താതിരിക്കാൻ വേണ്ടി അടിയന്തിരമായി നടപടി സ്വീകരിക്കുമോ? തടസ്സപ്പെടുത്തി കോടതിയിൽവച്ചു കാലതാമസം വരുത്താതെ—ഇവരുന്നയിച്ചിട്ടുള്ള കാര്യത്തിൽ വല്ലതും ഗവൺമെൻറിനു പറയാനുണ്ടെങ്കിൽ പറഞ്ഞുകൊണ്ട്, കോടതിക്കു പുറത്തു വെച്ചോ കോടതിയിൽവെച്ചോ പറഞ്ഞ്, ഈ എഗ്രിമെൻറു സംബന്ധിച്ച് ഇനി തടസ്സം വരാതെ നടപടി സ്വീകരിക്കുമോ—അതായിരുന്നു എന്റെ ചോദ്യം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ സംശയകരമായ ഒരു മറുപടിയിൽ നിന്നാണ് അത് ഉൽഭവിച്ചത്. ശ്രീമാൻ സി. എ. കുര്യൻ രാഷ്ട്രീയമായ ഉദ്ദേശത്തോടുകൂടിയാണ് ഇത്തരത്തിലുള്ള ആരോപണങ്ങളുന്നയിച്ചത്. ആ ആരോപണം മലയിൽ മാത്രമല്ലാതെ വിവേകമുള്ള ജനങ്ങളുടെ മുമ്പിൽ വിലപ്പോകുകയില്ലെന്നുള്ളതും, സി. എ. കുര്യന്റെ നില എന്താണെന്നുള്ളതും ഈ രാജ്യത്തുള്ള എല്ലാവർക്കുമറിയാം. ഈ വിധത്തിലുള്ള ആരോപണങ്ങളെ ഞാൻ ശക്തിയായി നിഷേധിക്കുന്നു.

ശ്രീ. സി. എ. കുര്യൻ: എന്നെ തിരഞ്ഞെടുത്ത ഇടുക്കിയിലെ പാവപ്പെട്ട ജനങ്ങളെ വെല്ലുവിളിച്ചുകൊണ്ടാണു സർ, മലയിലെ....

മി. സ്പീക്കർ: ആർഡർ, ആർഡർ.

LIBRARY ARCHIVES Kerala Legislative Assembly